# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനത്തടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി.11/1024/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 12/01/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനത്തടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി.11/1024/2022 തീയ്യതി: 12/01/2023

## കാസർഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എം.എൻ.രാധാകൃഷ്ണൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല) | 21-10-2022 | 29-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-10-2022 | 29-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനീത്കുമാർ.കെ.പി (ഓഡിറ്റ് ഓഫീസർ)
രഘുനാഥൻ.കെ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
കുഞ്ഞികൃഷ്ണൻ.കെ.സി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ബിന്ദു.വി.വി (ഓഡിറ്റർ)

ഹരിവേണുഗോപാലൻ.കെ.വി (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രസന്നപ്രസാദ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ബാലകൃഷ്ണൻ.കെ | സെക്രട്ടറി | 01-04-2021 | 08-07-2021 |
| പങ്കജാക്ഷൻ.സി.കെ | സെക്രട്ടറി | 08-07-2021 | 12-11-2021 |
| ജോസ് അബ്രഹാം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-11-2021 | 30-11-2021 |
| സുരേഷ് കുമാർ.എം | സെക്രട്ടറി | 01-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോസ് അബ്രഹാം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 11-01-2022 |
| രവീന്ദ്രൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 18-01-2022 | 31-03-2022 |
| ഹെറിതോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| വിനോദിനി.എ | കൃഷിഓഫീസർ | 01-04-2021 | 11-07-2021 |
| ബാബുരാജ്.കെ.ബി | കൃഷിഓഫീസർ | 12-07-2021 | 31-03-2022 |
| ശരണ്യവേണു | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 18-07-2021 |
| ഷബിന | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 19-07-2021 | 31-03-2022 |
| ഉഷ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 26-10-2021 |
| ജയരാജൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 26-10-2021 | 31-03-2022 |
| ജോയ്സ് ജോസഫ് | പ്രധാനാദ്ധ്യാപകൻ | 01-04-2021 | 31-03-2022 |
| അഖിൽരാജ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| മുഹമ്മദ് ആസിഫ് | മെഡിക്കൽഓഫീസർ-PHC | 01-04-2021 | 31-03-2022 |
| ദൃശ്യാദാസ് | മെഡിക്കൽഓഫീസർ-ആയുർവേദം | 01-04-2021 | 31-03-2022 |
| ഷംന | മെഡിക്കൽഓഫീസർ-GHD | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശാലിനി | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2021 | 13-04-2021 |
| പ്രശാന്ത് | ഡയറിഫാം ഇൻസ്ട്രക്ടർ | 14-04-2021 | 04-07-2021 |
| ശ്രീജിത്ത് | ഡയറിഫാം ഇൻസ്ട്രക്ടർ | 05-07-2021 | 21-09-2021 |
| ഉഷ | ഡയറിഫാം ഇൻസ്ട്രക്ടർ | 22-09-2021 | 31-03-2022 |
| വിജില | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 23-01-2022 |
| ഹരിത | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 24-01-2022 | 31-03-2022 |
| Vacant | അസിസ്റ്റന്റ് സെക്രട്ടറി | 12-01-2022 | 17-01-2022 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ. | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല. | 1-2-1 |
| 4 | കോൺടിബ്യൂഷൻ/തേയ്മാനം/പെൻഷൻ തുകകൾ- രേഖപ്പെടുത്തലുകൾക്ക് ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-2-2 |
| 5 | സാമ്പത്തിക വിശകലനം | 1-3 |
| 6 | വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പുപദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | രസീത് ബുക്കുകളുടെ ഉപയോഗത്തിൽ കൃത്യത പാലിക്കേണ്ടതാണ്. | 1-10 |
| 13 | ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം തുടരുന്നു | 1-11 |
| 14 | MCF കെട്ടിടത്തിലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ പദ്ധതി- പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ല. | 1-12 |
| 15 | ഗ്രാമപഞ്ചായത്തിലേക്ക് സർവ്വർ കമ്പ്യൂട്ടർ,പ്രിന്റർ, ഹൈസ്പീഡ് സ്കാനർ പദ്ധതി-മുഴുവൻ ലഭ്യമാക്കിയിട്ടില്ല | 1-13 |
| 16 | തൊഴിലുറപ്പ് പദ്ധതി -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട ജി.എസ്.ടി കുറവു ചെയ്യുന്നില്ല. | 1-14 |
| 17 | അംഗൻവാടി കുടിവെള്ള പദ്ധതി-ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ 12,240/- രൂപയുടെ അധികച്ചെലവ്. | 1-15 |
| 18 | പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനു ചുമത്തിയ പിഴ തുക പിൻവലിച്ച് ഗ്രാമ പഞ്ചായത്തിന്റെ സേവിങ്ങ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചു. | 1-16 |
| 19 | ഹോമിയോഡിസ്പെൻസറിക്കുള്ള മരുന്നുകൾ ലഭിച്ചില്ല. | 1-17 |
| 20 | ഇ.എം.എസ് ഭവനവായ്പ-തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ് | 1-18 |

| | | |
|---|---|---|
| 21 | ആട് ഗ്രാമം പദ്ധതി സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയത് - അപാകത. | 1-19 |
| 22 | ടി.ബി രോഗികൾക്ക് പോഷകാഹാരം പദ്ധതി വിതരണം അപാകത | 1-20 |
| 23 | കറവപശു വളർത്തൽ പദ്ധതിക്ക് സബ്സിഡി നൽകൽ- രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-21 |
| 24 | സ്വാന്തന പരിചരണ പദ്ധതി - മുഴുവൻ ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-22 |
| 25 | വാഹന വാടക -പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയതിന്റെ മുഴുവൻ ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-23 |
| 26 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തികരിച്ചില്ല | 1-24 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അംഗൻവാടി കുടിവെള്ള പദ്ധതി-ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ 12,240/- രൂപയുടെ അധികച്ചെലവ്. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിശദാംശങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/01<br>20/02/2021 | 22/03<br>18-02-2022 |
| മുന്നിരിപ്പ് | 414735 | 140048 |
| വരവ് | 313072166 | 386113592 |
| ആകെ | 313486901 | 386253640 |
| ചെലവ് | 312485666 | 380237018 |
| നീക്കിയിരിപ്പ് | 1001235 | 6016622 |

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.

പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

#### 1-2-1 വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾക്കൊള്ളിക്കുകയോ ചെയ്തിട്ടില്ല.

#### 1-2-2 കോൺട്രിബ്യൂഷൻ/തേയ്മാനം/പെൻഷൻ തുകകൾ- രേഖപ്പെടുത്തലുകൾക്ക് ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വികസന ഫണ്ട് ജനറൽ, എസ്.സി.പി, ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് (റോഡ്, നോൺറോഡ്) എന്നീ ഫണ്ടുകളിൽ നിന്നും കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന കണക്കിലേക്ക് 31.03.2022-ന് തുകകൾ മാറ്റിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ കണക്കാക്കിയതിന്റെ വിവരങ്ങൾ / രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിവിധ ആസ്തികൾക്ക് 2021-22 വർഷം തേയ്മാനം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് കണക്കാക്കിയതിന്റെയും തേയ്മാന പട്ടിക പഞ്ചായത്ത് അംഗീകരിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 22044090 |

| | |
|---|---|
| വരവ് | 115565378 |
| ആകെ | 137609468 |
| ചെലവ് | 106846766 |
| നീക്കിയിരിപ്പ് | 30762702 |

## 1-4 വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്പൊതു വിഭാഗം | 0 | 20161358 | 20161358 | 18035441 | 0 | 2125917 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 811584 | 811584 | 796000 | 0 | 15584 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 12858870 | 12858870 | 12046000 | 0 | 812870 |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied | ട്രഷറി | 5253411 | 52,53,411 | 13,64,686 | 0 | 3888725 |
| | Bank- 0 | 55,40,000 | 55,40,000 | 8,61,761 | 0 | 46,78,239 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Un Tied | ട്രഷറി | 5,49,711 | 5,49,711 | 3,82,223 | 0 | 1,67,488 |
| | Bank- 0 | 36,93,000 | 36,93,000 | 17,82,466 | 0 | 19,10,534 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 18395920 | 18395920 | 7086353 | 0 | 11309567 |
| മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് | 0 | 7828388 | 7828388 | 4205912 | 0 | 4205912 |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹ 2119314 (ജനറൽ) , ₹ 2691956 (ടി.എസ്.പി) ₹9063 എസ്.സി.പി എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്)

ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15916127 | 15916127 | 15916127 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 786937 | 786937 | 786937 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 9354044 | 9354044 | 9354044 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7086353 | 7086353 | 7086353 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4205912 | 4205912 | 4205912 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 382223 | 382223 | 382223 | 0 |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied | 0 | 13,64,686 | 13,64,686 | 13,64,686 | 0 |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 0 | 0 | 0 | 0 |
| വിവാഹധനസഹായം | 0 | 30000 | 30000 | 30000 | 0 |
| ടി.എസ്.ബി ജനറൽ പർപ്പസ് അക്കൗണ്ട് * | 839060 | 12333879 | 13172939 | 12172939 | 1000000 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 1477907 | 1830732 | 3308639 | 1830732 | 1477907 |

| | | | | | |
|---|---|---|---|---|---|
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് പഞ്ചായത്ത്) | 992287 | 1449550 | 2441837 | 1374550 | 1067287 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 89682 | 1366927 | 1456709 | 1456709 | 0 |
| വെസ്റ്റേൺ ഗാട്ട് | 12364 | 495 | 12859 | 0 | 12859 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 484779 | 1723038 | 2207817 | 1032076 | 1175741 |
| മറ്റ് കേന്ദ്ര ഗ്രാന്റുകൾ | | | | | |
| ടോട്ടൽ സാനിറ്റേഷൻ | 3067727 | 0 | 0 | 0 | 3067727 |
| ദേശീയ വികലാംഗ പുനരധിവാസ പദ്ധതി | 170000 | 0 | 170000 | 0 | 170000 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 3687141 | 1669379 | 5356520 | 1892274 | 3464246 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| സാക്ഷരത | 101671 | 2954 | 104625 | 0 | 104625 |
| എസ് എസ് എ | 338240 | 0 | 338240 | 0 | 338240 |
| മറ്റുള്ളവ | 469000 | 11331 | 480331 | 0 | 480331 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 181 | 113 | 0 | 68 | 62.24 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2021-22വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 31 | 15113209 | 26 | 8872339 | 58.70 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 2533400 | 3 | 932760 | 36.83 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 85 | 33105265 | 31 | 10824167 | 32.69 |
| 4 | കൃഷി ഓഫീസർ | 9 | 2743587 | 9 | 2229696 | 81.26 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 117955170 | 11 | 32193017 | 27.29 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 4289452 | 6 | 3845224 | 89.64 |
| 7 | വെറ്ററനറി സർജ്ജൻ | 8 | 4463825 | 8 | 2898525 | 64.93 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 852000 | 2 | 833150 | 97.78 |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 8 | 3801517 | 8 | 3660391 | 96.28 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 300000 | 1 | 300000 | 100 |
| 11 | പ്രധാനാധ്യാപകൻ | 6 | 2097250 | 3 | 1333130 | 63.56 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 2800000 | 1 | 2800000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 13 | ഫിഷറീസ് | 4 | 3220534 | 4 | 989974 | 30.73 |
| | ആകെ | 181 | 193275209 | 113 | 71712373 | 37.10 |

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 89682 | 1366927 | 1456609 | 1456609 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 73564690 | 73564690 | 73564690 | 0 |
| ആകെ | 89682 | 74931617 | 75021299 | 75021299 | 0 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2021-22 വർഷം 2546 പദ്ധതികളുൾപ്പെടുന്ന 40.66 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 777 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 237375 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 1470 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | NIL | NIL |
| കർഷകതൊഴിലാളി പെൻഷൻ | 2119400 | 155 |
| വിധവാപെൻഷൻ | 19351200 | 1270 |
| വാർദ്ധക്യകാലപെൻഷൻ | 25969800 | 2005 |
| വികലാംഗപെൻഷൻ | 4242800 | 292 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 641600 | 40 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോന 22.10.2022 തീയതിയിൽ അപരാഹ്നം 3.00ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 609/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

പൊതു നിയന്ത്രണം

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | ഡ്രൈവർ | 1 |
| 9 | പാർട്-ടൈം റോഡ് സ്വീപ്പർ | 1 |

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 38 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി 20 പ്രാവശ്യവും വികസന സ്റ്റാന്റിങ് കമ്മിറ്റി 16 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി 17 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി 18 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നില്ല. ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2021-22 സാമ്പത്തിക വർഷം 8 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വരവുകളിൻ മേലുള്ള നിയന്ത്രണം

വരവിനങ്ങളുടെ ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വികരിക്കുകയും ചെയ്തുവരുന്നുണ്ട്. വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് .
ഗ്രാമ പഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, ഇംകുമ്പൻസി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

കൺട്രോൾ ഓവർ അക്കൗണ്ട്

അക്കൗണ്ടിങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ

സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. രസീത് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഓരോ അക്കൗണ്ടിങ്ങ് രേഖകളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. എന്നാൽ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി 6 തവണ യോഗം ചേർന്നിട്ടുണ്ട്. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കുറച്ചുകൂടി കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 രസീത് ബുക്കുകളുടെ ഉപയോഗത്തിൽ കൃത്യത പാലിക്കേണ്ടതാണ്.

പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഔട്ട്ഡോർ കളക്ഷൻ രസീത് ബുക്കുകൾ കളക്ഷൻ രജിസ്റ്റർ, രശീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

ഒരേ സമയം ഒന്നിൽ കൂടുതൽ രസീത് ബുക്കുകൾ ഉപയോഗിച്ചു -

കേരള ട്രഷറി കോഡ് (വാല്യം 1) ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ് 2, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 83 എന്നിവ പ്രകാരം രശീത് ബുക്കുകൾ ലഭിച്ച ഉടനെ എണ്ണുകയും നമ്പറടിക്കുകയും ഫോറങ്ങൾക്കുള്ള സ്റ്റോക്ക് ബുക്കിൽ എഴുതി ചേർക്കുകയും ചെയ്യേണ്ടതാണ്. ഓരോ സ്റ്റോക്ക് ബുക്കിനും ക്രമനമ്പർ നൽകണം. രസീത് ബുക്കുകൾ ഇഷ്യൂ ചെയ്യുന്നത് അവയുടെ നമ്പർ ക്രമത്തിലായിരിക്കണം. ഫോറങ്ങൾക്കുള്ള സ്റ്റോക്ക് ബുക്കിൽ രസീത് ബുക്കുകൾ ലഭിച്ച ഉദ്യോഗസ്ഥർ ഒപ്പിടുകയും ചെയ്യേണ്ടതാണ്. ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളൊഴികെയുള്ള എല്ലാ അവസരങ്ങളിലും ലഭിച്ച രസീത് ബുക്ക് പൂർണമായി ഉപയോഗിച്ച് തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്ക് നല്കാൻ പാടില്ലാത്തതാണ്. പുതിയ രസീത് ബുക്ക് നൽകുകയാണെങ്കിൽ കാരണം വ്യക്തമായി പുതിയ രസീത് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

എന്നാൽ പനത്തടി ഗ്രാമപഞ്ചായത്തിലെ ശ്രീ.ചന്ദ്രശേഖരൻ, ക്ലർക്കിന് പ്രത്യേക കാരണമൊന്നും രേഖപ്പെടുത്താതെ ഒരു ദിവസം തന്നെ ഒന്നിൽ കൂടുതൽ രശീത് ബുക്കുകൾ നൽകുകയും അദ്ദേഹം ഒരു രശീത് ബുക്ക് പൂർണമായും ഉപയോഗിക്കാതെ പുതിയ രശീത് ബുക്ക് ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| രസീത് ബുക്ക് നം. | രസീത് നം. | രസീത് ബുക്ക് ഉപയോഗിച്ച തീയതി | റിമാർക്സ് |
|---|---|---|---|
| 23040 | 1-100 | 20.01.2022, 21.01.22, | രശീത് ബുക്ക് പൂർണമായും ഉപയോഗിച്ചിട്ടുണ്ട് |
| 23042 | 1-100 | 28.01.2022, 04.02.2022, 07.02.2022 | രശീത് ബുക്ക് പൂർണമായും ഉപയോഗിച്ചിട്ടുണ്ട്. |
| 23044 | 1-16 | 07.02.2022 | ബുക്ക് പൂർണമായും ഉപയോഗിക്കാതെ അടുത്ത ബുക്ക് എടുത്തിരിക്കുന്നു. |
| 23043 | 1-10 | 08.02.2022 | ബുക്ക് പൂർണമായും ഉപയോഗിക്കാതെ അടുത്ത ബുക്ക് എടുത്തിരിക്കുന്നു. |
| | 11-57 | 09.02.2022 | ഒരേ തീയതിയിലെ പിരിവിനായി വ്യത്യസ്ത ബുക്കുകൾ ഉപയോഗിച്ചിരിക്കുന്നു |
| 23044 | 17-35 | 09.02.2022 | |
| 23043 | 58-60 | 10.02.2o22 | --- |
| | 61-90 | 11.02.2022 | ഒരേ തീയതിയിലെ പിരിവിനായി വ്യത്യസ്ത ബുക്കുകൾ ഉപയോഗിച്ചിരിക്കുന്നു |
| 23044 | 36-62 | 11.02.2022 | |
| 23043 | 91-100 | 15.02.2022 | ഒരേ തീയതിയിലെ പിരിവിനായി വ്യത്യസ്ത ബുക്കുകൾ ഉപയോഗിച്ചിരിക്കുന്നു |
| 23044 | 63-72 | 15.02.2022 | |
| 7526 | 1-4 | 16.02.2022 | --- |
| 23044 | 73-85 | 17.02.2022 | ഒരേ തീയതിയിലെ പിരിവിനായി വ്യത്യസ്ത ബുക്കുകൾ ഉപയോഗിച്ചിരിക്കുന്നു |
| 7526 | 5-27 | 17.02.2022 | |
| 7526 | 28-41 | 18.02.2022 | ബുക്ക് പൂർണമായും ഉപയോഗിക്കാതെ അടുത്ത ബുക്ക് എടുത്തിരിക്കുന്നു. |
| 7526 | 42-61 | 19.02.2022 | |
| 23044 | 86-95 | 21.02.2022 | |

| | | | |
|---|---|---|---|
| 23044 | 96-100 | 23.02.2022 | ഒരേ തീയതിയിലെ പിരിവിനായി വ്യത്യസ്ത ബുക്കുകൾ ഉപയോഗിച്ചിരിക്കുന്നു |
| 7526 | 62-100 | 23.02.2022 | |
| 7527 | 1-12 | 23.02.2022 | |
| 7528 | 1-31 | 24.02.2022 | --- |
| 7527 | 13-28 | 28.02.2022 | ഒരേ തീയതിയിലെ പിരിവിനായി വ്യത്യസ്ത ബുക്കുകൾ ഉപയോഗിച്ചിരിക്കുന്നു |
| 7528 | 32-100 | 28.02.2022 | |
| 7529 | 1-7 | 28.02.2022 | |
| 7527 | 29-43 | 02.03.2022 | ഒരേ തീയതിയിലെ പിരിവിനായി വ്യത്യസ്ത ബുക്കുകൾ ഉപയോഗിച്ചിരിക്കുന്നു |
| 7529 | 8-10 | 02.03.2022 | |
| | 11-39 | 03.03.2022 | ---- |
| | 40-50 | 04.03.2022 | |
| | 51-66 | 05.03.2022 | |
| 7527 | 44-54 | 07.03.2022 | ഒരേ തീയതിയിലെ പിരിവിനായി വ്യത്യസ്ത ബുക്കുകൾ ഉപയോഗിച്ചിരിക്കുന്നു |
| 7529 | 67-70 | 07.03.2022 | |
| 7527 | 55-56 | 08.03.2022 | ഒരേ തീയതിയിലെ പിരിവിനായി വ്യത്യസ്ത ബുക്കുകൾ ഉപയോഗിച്ചിരിക്കുന്നു |
| 7529 | 71-96 | 08.03.2022 | |
| 7527 | 57-61 | 10.03.2022 | ഒരേ തീയതിയിലെ പിരിവിനായി വ്യത്യസ്ത ബുക്കുകൾ ഉപയോഗിച്ചിരിക്കുന്നു |
| 7529 | 97-100 | 10.03.2022 | |
| 7531 | 1-3 | 10.03.2022 | --- |
| 7527 | 62-74 | 11.03.2022 | ഒരേ തീയതിയിലെ പിരിവിനായി വ്യത്യസ്ത ബുക്കുകൾ ഉപയോഗിച്ചിരിക്കുന്നു |
| 7531 | 4-21 | 11.03.2022 | |
| 7527 | 75-79 | 14.03.2022 | ഒരേ തീയതിയിലെ പിരിവിനായി വ്യത്യസ്ത ബുക്കുകൾ ഉപയോഗിച്ചിരിക്കുന്നു |
| 7531 | 22-40 | 14.03.2022 | |
| | 41-61 | 15.03.2022 | ---- |
| | 62-83 | 16.03.2022 | |
| | 84-100 | 17.03.2022 | ഒരേ തീയതിയിലെ പിരിവിനായി വ്യത്യസ്ത ബുക്കുകൾ ഉപയോഗിച്ചിരിക്കുന്നു |
| 7532 | 1 | 17.03.2022 | |
| 7532 | 2-18 | 18.03.2022 | ---- |
| | 19-32 | 19.03.2022 | |
| | 33-50 | 21.03.2022 | |
| | 51-65 | 22.03.2022 | |
| | 66-90 | 23.03.2022 | |
| | 91-100 | 24.03.2022 | ഒരേ തീയതിയിലെ പിരിവിനായി വ്യത്യസ്ത ബുക്കുകൾ ഉപയോഗിച്ചിരിക്കുന്നു |
| 7533 | 1-5 | 24.03.2022 | |
| 7527 | 80-89 | 25.03.2022 | ഒരേ തീയതിയിലെ പിരിവിനായി വ്യത്യസ്ത ബുക്കുകൾ ഉപയോഗിച്ചിരിക്കുന്നു |
| 7533 | 6-12 | 25.03.2022 | |
| 7533 | 13-20 | 26.03.2022 | --- |
| 7533 | 21-29 | 27.03.2022 | |

<table>
<tr><td>7527</td><td>90-97</td><td>28.03.2022</td><td rowspan="3">ഒരേ തീയതിയിലെ പിരിവിനായി വ്യത്യസ്ത ബുക്കുകൾ ഉപയോഗിച്ചിരിക്കുന്നു</td></tr>
<tr><td></td><td>98-100</td><td>Cancelled</td></tr>
<tr><td>7533</td><td>30-54</td><td>28.03.2022</td></tr>
<tr><td></td><td>55-65</td><td>31.03.2022</td><td>---</td></tr>
<tr><td></td><td>66-100</td><td>Cancelled</td><td>---</td></tr>
</table>

മേൽ അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.16/28.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രത്യേക കാരണമൊന്നും രേഖപ്പെടുത്താതെ ഒരാൾക്ക് ഒരു ദിവസം തന്നെ ഒന്നിൽ കൂടുതൽ രശീത് ബുക്കുകൾ നൽകുന്നതും, ഒരു രശീത് ബുക്ക് പൂർണമായും ഉപയോഗിക്കാതെ പുതിയ രശീത് ബുക്ക് ഉപയോഗിക്കുന്നതും ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-11 ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം തുടരുന്നു

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് മരണപ്പെട്ട വ്യക്തികളെ അതാതു മാസം തന്നെ സേവന സോഫ്റ്റ് വെയറിൽ നിന്നും ഉടനടി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാറുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. തുടർന്ന് ധനകാര്യ എസ്.എഫ്.സി -ബി വകുപ്പിന്റെ സർക്കുലർ നം.63/2021/ധന തിയതി 02.08.2021 സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ മരണപ്പെടുന്ന വ്യക്തികൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളാണോ എന്ന വിവരം പരിശോധിച്ച് ഉറപ്പാക്കുവാൻ സഹായകരമായ കൃത്യമായ രേഖകൾ രജിസ്ട്രേഷൻ വേളയിൽ സമർപ്പിക്കപ്പെടുന്നില്ല. ഇതുമൂലം മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞ് പെൻഷൻ പട്ടികയിൽ നിന്നും യഥാസമയം ഒഴിവാക്കുവാനും ഗ്രാമ പഞ്ചായത്തിന് സാധിക്കുന്നില്ല. 2021, 2022 വർഷങ്ങളിലെ ഡെത്ത് രജിസ്ട്രേഷൻ രേഖകളിൽ നിന്നും ലഭിച്ച ആധാർ വിവരങ്ങൾ സേവന സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ആനുകൂല്യം കൈപ്പറ്റിയിരുന്ന ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും അവരുടെ അക്കൗണ്ടുകളിലേയ്ക്ക് പെൻഷൻ തുക അനുവദിച്ച് വരുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി . വിശദ വിവരം ചുവടെ ചേർക്കുന്നു.

വാർദ്ധക്യകാല പെൻഷൻ , വിധവ പെൻഷൻ & കർഷക തൊഴിലാളി പെൻഷൻ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി/രജി.നം | മരണപ്പെട്ട ശേഷം പെൻഷൻ അനുവദിച്ച കാലയളവ് | തുക |
|---|---|---|---|---|---|
| 1 | സി.എ.ഹംസ | (OAP) 112030200292 | 19.10.2020 രജി.നം.1/21 | 11/2020 മുതൽ 9/2022 വരെ | 36,300/- |

| | | | | | |
|---|---|---|---|---|---|
| 2 | ഗീത.എം.ടി | (WP) 112030600159 | 21.05.2021 രജി.നം.63/21 | 06/2021 മുതൽ 05/2022 വരെ | 19,200/- |
| 3 | ടി.ആർ.ഗോപാലകൃഷ്ണൻ നായർ | (OAP) 112030200530 | 12.07.2021 രജി.നം.85/21 | 08/2021 മുതൽ 09/2022 വരെ | 8,400/- |
| 4 | വർഗീസ്.എം.ജെ | (OAP) 112030202402 | 06.09.2021 രജി.നം.98/21 | 10/2021 മുതൽ 06/2022 വരെ | 14,400/- |
| 5 | രാഘവൻ.എം | (OAP) 112030200801 | 03.06.2021 രജി.നം.64/21 | 07/2021 മുതൽ 09/2022 വരെ | 24,000/- |
| 6 | അസിനാർ.പി.കെ | (OAP) 112030200849 | 13.08.2021 രജി.നം.80/21 | 09/2021 മുതൽ 09/2022 വരെ | 20,800/- |
| 7 | കല്ല്യാണി അമ്മ | (OAP) 112030200071 | 20.07.2021 രജി.നം.92/21 | 08/2021 മുതൽ 09/2022 വരെ | 22,400/- |
| 8 | മേരി | (ALP) 112030100218 | 06.07.2021 രജി.നം. 75/21 | 08/2021 മുതൽ 09/2022 വരെ | 22,400/- |
| 9 | ശിവരാമൻനായർ | (OAP) 112030200557 | 29.09.2021 രജി.നം. 109/21 | 10/2021 മുതൽ 09/2022 വരെ | 19,200/- |
| 10 | വർക്കി.എം.വി | (OAP) 112030201053 | 30.08.2021 രജി.നം. 114/21 | 09/2021 മുതൽ 09/2022 വരെ | 7800/- |
| | | | | ആകെ | 1,94,900/ |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷം അവരുടെ അക്കൗണ്ടുകളിലേയ്ക്ക് അനുവദിക്കപ്പെട്ട പെൻഷൻ തുക തിരികെ ഈടാക്കി ഡി.ബി.റ്റി സെല്ലിലേയ്ക്ക് ഒടുക്കുവാൻ നടപടികൾ സ്വീകരിച്ച് തുക ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷപെൻഷൻ വാങ്ങിവരുന്ന മുഴുവൻ ഗുണഭോക്താക്കളുടേയും വിവരങ്ങൾ, പരിശോധിച്ച് മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കുവാനും, മരണ ശേഷം തുക അനുവദിച്ച കേസുകളിൽ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

കർഷക പെൻഷൻ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കർഷക പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി/രജി.നം | മരണപ്പെട്ട ശേഷം പെൻഷൻ അനുവദിച്ച കാലയളവ് | തുക |
|---|---|---|---|---|---|
| 1 | കാന്തുനായ്ക്ക് | 2220258748 | 22.01.2021 രജി.നം.20/21 | 02/2021 മുതൽ 08/2022 വരെ | 30,200 |
| 2 | ടി.ആർ.ഗോപാലകൃഷ്ണൻ നായർ | 2220335212 | 12.07.2021 രജി.നം.85/21 | 08/2021 മുതൽ 08/2022 വരെ | 20,800 |
| 3 | അയിഷാബി | 2220317574 | 07.06.2021 രജി.നം.67/21 | 07/2021 മുതൽ 08/2022 വരെ | 22,400 |
| 4 | പി.ടി.ഫിലിപ്പ് | 2220258547 | 01.08.2021 രജി.നം.83/21 | 09/2021 മുതൽ 08/2022 വരെ | 19,200 |

| | | | | | |
|---|---|---|---|---|---|
| 5 | സോമനാഥൻ നായർ | 2220258824 | 22.10.21<br>രജി.നം.112/21 | 11/2021 മുതൽ<br>08/2022 വരെ | 16,000 |
| 6 | വർക്കി.എം.വി. | 2220258607 | 30.08.2021<br>രജി.നം.114/21 | 09/2021 മുതൽ<br>08/2022 വരെ | 19,200 |
| | | | | ആകെ | 1,27,800/- |

മേൽ വിഷയം പരിശോധിച്ച് ഇക്കാര്യം മരണപ്പെട്ടവരുടെ ബന്ധുക്കളെ അറിയിച്ച് അനർഹമായി അനുവദിച്ച കർഷക പെൻഷൻ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കർഷകപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട നടപടികൾ കൃഷി ഭവൻ മുഖേന സ്വീകരിക്കുന്നതിനാൽ കൃഷി ഭവൻ മുഖേന കർഷക പെൻഷൻ വാങ്ങിവരുന്ന മുഴുവൻ ഗുണഭോക്താക്കളുടേയും വിവരങ്ങൾ , ഗ്രാമ പഞ്ചായത്തിൽ നിന്നും വിവരം ശേഖരിച്ച്, മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കുവാനും, മരണ ശേഷം തുക അനുവദിച്ച കേസുകളിൽ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 MCF കെട്ടിടത്തിലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ പദ്ധതി-പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.216/22

അടങ്കൽ - 6,00,000/-രൂപ – സംസ്ഥാനാവിഷ്കൃത ഫണ്ട്

ചെലവ് - 5,49,899/-രൂപ

വൗച്ചർ നം.22101122/30.3.2022 - 5,49,899/-രൂപ

ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള MCF കെട്ടിടത്തിലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസ് ലിമിറ്റഡ്, തിരുവനന്തപുരത്തിൽ നിന്നും നേരിട്ട് വാങ്ങി സ്ഥാപിക്കാനാണ് തീരുമാനം. ഇതിനായി KSIE കത്ത് നം.KSIE/MKYG/TVMBC/BM/PGP/KGD/2021-22/Dt.17.12.2021 പ്രകാരം ടെക്നിക്കൽ സ്പെസിഫിക്കേഷനും വിലയും ലഭ്യമാക്കി. ആകെ 5,49,899/-രൂപയാണ് ബെയിലിംഗ് മെഷീൻ വില. ഭരണസമിതി

തീരുമാനം നം.1(4)/18.2.2022 പ്രകാരം അംഗീകരിക്കുകയും 24.2.2022ന് കത്ത് നം.എസ്.സി1-216/2022 പ്രകാരം സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. 24.2.2022 ന് KSIE യുമായി കരാർ ഒപ്പിട്ടു. KSIE നം. TVMBC-301/21-22/തിയ്യതി-14.3.2022 പ്രകാരം ബെയിലിംഗ് മെഷീൻ സപ്ലൈ ചെയ്യുകയും സ്ഥാപിക്കുകയും ചെയ്തു. വൗച്ചർ നം.22101122/30.3.2022 പ്രകാരം 5,49,899/-രൂപയിൽ 11000/-രൂപ ജി.എസ്.ടി ഇനത്തിൽ കിഴിച്ച് 5,53,899/-രൂപ KSIE ക്ക് നൽകി. അക്കൗണ്ട് നം.57000772372/SBI.

ഈ പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടില്ല. നിലവിൽ പ്രവർത്തനം തുടങ്ങിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.08/26.10.2022 പ്രകാരം ഇക്കാര്യങ്ങൾക്ക് വിശദീകരണം ചോദിച്ചതിന് 28.10.2022 ന് മറുപടി നൽകിയിട്ടുണ്ട്. വയറിംഗ് പ്രവർത്തി നീണ്ടുപോയതിനാലാണ് പ്രവർത്തനം തുടങ്ങാൻ കഴിയാത്തത്, നിലവിൽ വയറിംഗ് പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ സംബന്ധമായി KSEB അധികൃതർ പരിശോധന നടത്തിയിട്ടുണ്ട്. ഉടൻ വൈദ്യുതി കണക്ഷൻ ലഭ്യമാവും എന്നാണ് മറുപടി നൽകിയത്. അതിനാൽ പദ്ധതി എത്രയും പെട്ടെന്ന് കമ്മീഷൻ ചെയ്ത് പ്രവർത്തനം തുടങ്ങി വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 ഗ്രാമപഞ്ചായത്തിലേക്ക് സർവ്വർ കമ്പ്യൂട്ടർ,പ്രിന്റർ, ഹൈസ്പീഡ് സ്കാനർ പദ്ധതി-മുഴുവൻ ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.16/22

അടങ്കൽ - 5,13,677/-രൂപ – പ്ലാൻ ജനറൽ

ചെലവ് - 3,99,927/-രൂപ

വൗച്ചർ നം.22101123/30.3.2022 - 3,99,927/-രൂപ

ഗ്രാമപഞ്ചായത്തിലേക്ക് സർവ്വർ കമ്പ്യൂട്ടർ,പ്രിന്റർ, ഹൈസ്പീഡ് സ്കാനർ പദ്ധതിക്കായി 2 തരത്തിൽ പർച്ചേസ് നടത്തിയിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിച്ചാണ് ആദ്യത്തെ പർച്ചേസ്. CPRCS മുഖാന്തിരമാണ് രണ്ടാമത്തെ പർച്ചേസ് നടത്തിയത്.

1.ക്വട്ടേഷൻ ക്ഷണിച്ച് ബിൽ റഫറൻസ് നം.2120095002600143815/24.6.2021 പ്രകാരം 41000/-രൂപ ചെലവഴിച്ച് ഒരു ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങി. ഇൻവോയ്സ് നം.B2B/36/Dt.8.6.2021. പിന്നീട് ബിൽ റഫറൻസ് നം.2120095002600143810/24.6.2021 പ്രകാരം 55250/-രൂപ ചെലവഴിച്ച് ഒരു ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറും എപ്സൺ പ്രിന്ററും, ചെറിയ യു.പി.എസും വാങ്ങി. ഇൻവോയ്സ് നം.B2B/37/Dt.8.6.2021. കമ്പ്യൂസർവ്വ് എന്ന സ്ഥാപനത്തിൽ നിന്നാണ് പർച്ചേസ് നടത്തിയത്. തുക സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകി. അക്കൗണ്ട് നം.68650500000338.

2.CPRCS പോർട്ടൽ മുഖാന്തിരം ഹൈസ്പീഡ് സ്കാനർ, 5KVA യു.പി.എസ് എന്നിവയാണ് വാങ്ങിയത്. കെൽട്രോൺ തിരുവനന്തപുരം സമർപ്പിച്ച കുറഞ്ഞ തുകയ്ക്കുള്ള ബിഡ് ആണ് തെരെഞ്ഞെടുത്തത്. കെൽട്രോൺ TVM/ITBG/PI/RC/35431/20-21/Dt.22.2.2022 പ്രകാരം ഹൈസ്പീഡ് സ്കാനറിന് 96949/-രൂപയുടെ പ്രഫോർമ ഇൻവോയ്സ് നൽകി. അതനുസരിച്ച് ഉത്തരവ് നം.എസ്.സി1-174/21 /തിയ്യതി-24.3.22 പ്രകാരം തുക നൽകാൻ സെക്രട്ടറി ഉത്തരവ് നൽകി. ബിൽ നം.2120095002601441432/24.3.2022 പ്രകാരം തുക കെൽട്രോണിന് കൈമാറി. TVM/ITBG/PI/RM /0998/21-22/Dt.14.3.2022 പ്രകാരം 5KVA യു.പി.എസ് ന് 2,06,728/-രൂപയുടെ പ്രഫോർമ ഇൻവോയ്സ് നൽകി. അതനുസരിച്ച് ഉത്തരവ് നം.എസ്.സി1-174/21/തിയ്യതി-24.3.22 പ്രകാരം തുക നൽകാൻ സെക്രട്ടറി ഉത്തരവ് നൽകി. ബിൽ നം.2120095002601441438/24.3.2022 പ്രകാരം തുക കെൽട്രോണിന് കൈമാറി. ആകെ 3,03,677/-രൂപ കെൽട്രോണിന് കൈമാറി. അക്കൗണ്ട് നം.30367948080/SBI.

പദ്ധതിയുമായി ബന്ധപ്പെട്ട ഭൗതിക പരിശോധന നടത്തിയപ്പോൾ കെൽട്രോണിന് CPRCS പോർട്ടൽ

മുഖാന്തിരം കെൽട്രോൺ വഴി വാങ്ങിയ ഹൈസ്പീഡ് സ്കാനർ, 5KVA യു.പി.എസ് എന്നിവ നാളിതുവരെയായി പഞ്ചായത്തിന് ലഭിച്ചിട്ടില്ല എന്ന് വ്യക്തമായി. ഓഡിറ്റ് എൻക്വയറി നം.09/26.10.2022 ഇതിന് വിശദീകരണം ചോദിച്ചതിന് 28.10.2022 ന് മറുപടി നൽകിയിട്ടുണ്ട്. 2 ആഴ്ചക്കുള്ളിൽ ഹൈസ്പീഡ് സ്കാനർ, 5KVA യു.പി.എസ് എന്നിവ എത്തിക്കുമെന്ന് കെൽട്രോൺ ഇ-മെയിൽ മുഖാന്തിരം അറിയിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. ഉപകരണങ്ങൾ ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 3,03,677/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-14 തൊഴിലുറപ്പ് പദ്ധതി -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട ജി.എസ്.ടി കുറവു ചെയ്യുന്നില്ല.

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ഇപ്രകാരം ജി.എസ്.ടി. തുക കുറവ് ചെയ്യുതായി കാണുന്നില്ല. തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും എം.ഐ.എസ് മുഖേനയാണ് നടത്തുന്നത്. പ്രസ്തുത സോഫ്റ്റ്‌വെയറിൽ സ്രോതസ്സുകളിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്യുന്നതിന് നിലവിൽ സൗകര്യം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ അന്തിമ ബിൽ പ്രകാരമുള്ള ജി.എസ്.ടി. തുക വെണ്ടർ/ സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി, ബില്ല് സെറ്റിൽ ചെയ്യാവുന്നതും അത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കപ്പെടുന്ന ജി.എസ്.ടി. തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ജി.എസ്.ടി വകുപ്പിൽ യഥാസമയം അടയ്ക്കേണ്ടതുമാണ് എന്ന് തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 30.07.2019 തീയ്യതിയിലെ സർക്കുലർ നം. 957/ഇ.ജി.എസ്-സി/16/ആർ.ഇ.ജി.എസ് ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ചുവടെ പരാമർശിച്ച കരാറുകാരനിൽ നിന്നും ജി.എസ്.ടി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | മെറ്റീരിയൽ തുക | എഫ്.ടി.ഒ. നമ്പർ & തിയതി | ഈടാക്കേണ്ട ജി.എസ്.ടി |
|---|---|---|---|---|---|
| 1 | കുപ്പ് ആറിലപ്പുന്ന റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 395012/- | 16721/ 04.08.2022 (New FTO No.& Date) | 7900/- |
| 2 | മൂലവളപ്പ് രംഗത്തല റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 394152/- | 16650/04.08.2022 (New FTO No.& Date) | 7883/- |
| 3 | മാനടുക്കം ആറിലപ്പുന്ന പാടി റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 396924/- | 16727/04.08.2022 (New FTO No.& Date) | 7938/- |
| 4 | എരിഞ്ഞിലം കോട് പുഴക്കര | രാജീവ് ജി. എസ് | 393052/- | 16268/19.08.2022 (New FTO No.& Date) | 7861/- |

| | | | | | |
|---|---|---|---|---|---|
| | റോഡ് കോൺക്രീറ്റ് | | | | |
| 5 | ചെറുപനത്തടി കോളനി റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 253240/- | 391389/ 31.08.2021 | 5065/- |
| 6 | മുന്തന്റെമൂല തട്ട് പുലിക്കടവ് റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 392588/- | 16245/08.08.2022 (New FTO No.& Date) | 7852/- |
| 7 | ദൊഡ്ഡമന ദഡഡുക്ക റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 394152/- | 16657/04.08.2022 (New FTO No.& Date) | 7883/- |
| 8 | ചാമുണ്ഡിക്കുന്ന് മാവുങ്കാൽ കോളനി റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 319172/- | 162509/08.08.2022 (New FTO No.& Date) | 6383/- |
| 9 | ചാമുണ്ഡിക്കുന്ന് അട്ടക്കം റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 387272/- | 161771/08.08.2022 (New FTO No.& Date) | 7745/- |
| 10 | അംഗൻവാടി തട്ട് അട്ടക്കം റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 395012/- | 161853/ 08.08.2022 (New FTO No.& Date) | 7900/- |
| 11 | ചാമുണ്ഡിക്കുന്ന് സ്കൂൾ വാതിൽമാടി റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 395270/- | 161924/ 08.082022 (New FTO No.& Date) | 7906/- |
| 12 | തുമ്പോടി വീട്ടിയാടി റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 395012/- | 162305/08.08.2022 (New FTO No.& Date) | 7900/- |
| 13 | ഗാന്ധിപുരം വാതിൽമാടി റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 385507/- | 161949/08.08.2022 (New FTO No.& Date) | 7710/- |
| 14 | ബീമ്പുങ്കാൽ തട്ട് റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 396870/- | 468648/ 15.09.2021 | 7937/- |
| 15 | കല്ലപ്പള്ളി രംഗത്തമല റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 393776/- | 474760/16.09.2021 | 7876/- |
| 16 | ചുഴിപ്പ് താഴെപാടി റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 397544/- | 474898/16.09.2021 | 7951/- |
| 17 | പാറക്കടവ് കണ്ടൂപ്പള്ളി റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 395276/- | 474845/16.09.2021 | 7906/- |
| 18 | കല്ലപ്പള്ളി മൂലവളപ്പ് റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 393567/- | 16717/04.08.2022 (New FTO No.& Date) | 7811/- |
| 19 | പനക്കയം എസ്.ടി കോളനി റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 397435/- | 16726/04.08.2022 (New FTO No.& Date) | 7949/- |
| 20 | ഓട്ടമല ബാല്യനായ്ക്ക് നഗർ കോളനി റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 393930/- | 16728/04.08.2022 (New FTO No.& Date) | 7879/- |

| | | | | | |
|---|---|---|---|---|---|
| 21 | തുമ്പോടി എസ്.ടി കോളനി റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 393743/- | 16729/04.08.2022 (New FTO No.& Date) | 7875/- |
| 22 | പാടി ആറിലപ്പുന്ന റോഡ് കോൺക്രീറ്റ് | രാജീവ് ജി. എസ് | 395012/- | 162345/08.08.2022 | 7900/- |

(ഓഡിറ്റ് എൻക്വയറി നം.26/29.10.2022)

1-15 അംഗൻവാടി കുടിവെള്ള പദ്ധതി-ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ 12,240/- രൂപയുടെ അധികച്ചെലവ്.

സർക്കാർ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 അനുസരിച്ച് പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറുടെ 06.032019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 15.03.2019 മുതൽ കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇൻഡക്സ് ആയ 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്ക ജി.എസ്.ടി കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും വ്യവസ്ഥചെയ്യുന്നുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തുന്ന സാധന സാമഗ്രികൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ

അനുവദനീയമല്ല. അംഗൻവാടി കുടിവെള്ള പദ്ധതി എന്ന പദ്ധതിയിൽ സ്ഥാപനം നൽകിയ 18% ജി.എസ്.ടി. തുക ഉൾപ്പെടെയുള്ള ഇൻവോയ്സ് തുകയ്ക്ക് 12% ജി.എസ്.ടി. കോമ്പൻസേഷൻ കൂടി അനുവദിച്ചതിനാൽ 12240/- രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-16 പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനു ചുമത്തിയ പിഴ തുക പിൻവലിച്ച് ഗ്രാമ പഞ്ചായത്തിന്റെ സേവിങ്ങ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചു.

പഞ്ചായത്തിന്റെ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കിയ ചുവടെ പരാമർശിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിലുണ്ടായിട്ടുള്ള കാലതാമസത്തിന് കരാർ വ്യവസ്ഥകൾ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടുണ്ട്. കരാറുകാർക്ക് കരാർ വ്യവസ്ഥ പ്രകാരമുള്ള സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നില്ലെങ്കിൽ പ്രവൃത്തികളുടെ നിർവഹണത്തിലുള്ള കാലതാമസത്തിനുള്ള പിഴ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി പൂരകകരാർ ചമച്ച് നിർവഹണ കാലാവധി രേഖാമൂലം നീട്ടി നൽകേണ്ടതാണ്. ഇപ്രകാരം കരാറുകാരിൽ നിന്നും കാലതാമസത്തിനുള്ള പിഴയിനത്തിൽ ഈടാക്കുന്ന തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ ഒടുക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നുമുള്ള പ്രവൃത്തികളുടെ ബിൽ തുകകൾ നൽകുമ്പോൾ പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനു ചുമത്തിയ പിഴ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ട്രഷറിയിലുള്ള സേവിങ്ങ്സ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 799013000000225) നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. പ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കുമ്പോൾ പിഴ തുകകൾ ക്രമീകരിക്കുന്ന സംഗതിയിൽ യഥാർത്ഥത്തിൽ പ്രവൃത്തിയുടെ മൂല്യത്തുകയിൽ നിന്നും പിഴയിനത്തിലുള്ള തുക കുറവ് ചെയ്ത് ബാക്കി തുക മാത്രമേ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കേണ്ടതുള്ളൂ. അതിനു പകരം പിഴ തുക അടക്കമുള്ള തുക പിൻവലിച്ച് പിഴ തുക പഞ്ചായത്തിന്റെ സേവിങ്ങ്സ് അക്കൗണ്ടിലേക്ക് മാറ്റുക വഴി സർക്കാറിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും തുക പിൻവലിച്ച് ഗ്രാമ പഞ്ചായത്തിന്റെ വരുമാനം ആക്കി മാറ്റുന്നതിലേക്ക് വഴിവെച്ചു. ഇത് ശരിയായ നടപടിയല്ല. 2021-22 വർഷത്തിൽ 18895/- രൂപ ഇപ്രകാരം വകമാറ്റിയിട്ടുണ്ട്. ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

| പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ. | കരാറുകാരന്റെ പേര് | എം. ബുക്ക്. നം | ബിൽ തുക | ട്രഷറി ബിൽ നമ്പർ/ തീയ്യതി | ഫണ്ട് | കാലതാമസത്തിനുള്ള പിഴയിനത്തിൽ ഈടാക്കിയ തുക |
|---|---|---|---|---|---|---|
| കോയത്തടുക്കം മുന്തന്റെ മൂല റോഡ് കൾവേർട്ട് സൈഡ് പിച്ചിങ്ങ്, 145/22 | ജി.എസ് രാജീവ് | 06/21-22 | 374917/- | 2120095200 5701514013/ 30.03.2022 | മെയിന്റനൻസ് ഫണ്ട്-റോഡ് | 3551/- |
| കോളിച്ചാൽ പ്രാന്തർകാവ് റോഡ് റീ ടാറിങ്ങ്, 146/22 | എ.കെ ശശി | 15/20-21 | 495280/- | 2120095200 5700114070/ 10.06.2021 | മെയിന്റനൻസ് ഫണ്ട്-റോഡ് | 4422/- |

| | | | | | | |
|---|---|---|---|---|---|---|
| ഇരിക്കുംകല്ല് സബ് സെന്റർ നവീകരണം, 92/22 | ജി.എസ് രാജീവ് | 14/21-22 | 79024/- | 2120095200 5701439232/ 24.03.2022 | മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | 706/- |
| പാടി ചുഴിപ്പ കരിവേടകം റോഡ് റീ ടാറിങ്ങ്, 42/22 | എ.കെ ശശി | 22/21-22 | 396442/- | 21200952005701514075/ 30.03.2022 | മെയിന്റനൻസ് ഫണ്ട്-റോഡ് | 3540/- |
| ചാമുണ്ഡിക്കുന്ന്-പടിഞ്ഞാറേതുമ്പോടി റോഡ് മെയിന്റനൻസ്, 49/22 | ജി.എസ് രാജീവ് | 12/21-22 | 399276/- | 2120095200 5701439239/ 24.03.2022 | മെയിന്റനൻസ് ഫണ്ട്-റോഡ് | 3565/- |
| അരിപ്രോഡ് വണ്ണാർക്കയം റോഡ് റീ ടാറിങ്ങ്, 150/22 | എ.കെ ശശി | 13/20-21 | 348400/- | 2120095200 5700114074/ 11.01.2022 | മെയിന്റനൻസ് ഫണ്ട്-റോഡ് | 3111/- |
| ആകെ | | | | | | 18,895/- |

(ഓഡിറ്റ് എൻക്വയറി നം. 04/26.10.2022)

## 1-17 ഹോമിയോഡിസ്പെൻസറിക്കുള്ള മരുന്നുകൾ ലഭിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി പ്രൊജക്ട് നം 0065/2022പ്രകാരം 3 ലക്ഷം രൂപ, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി, ആലപ്പുഴയ്ക്ക് കൈമാറിയിട്ടുണ്ട് (ട്രഷറി ബിൽ നം.1/7.12.2021). പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ മരുന്നുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.അതുവരെ 3,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.20/20, തിയതി 29-10-2022)

## 1-18 ഇ.എം.എസ് ഭവനവായ്പ-തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി (പ. നമ്പർ 3/2021) ഇ.എം.എസ് ഭവനവായ്പയിൽ അവശേഷിക്കുന്ന തുകയുടെ തിരിച്ചടവിനായി ₹ 12,72,951 കേരള ബേങ്കിന്റെ മാലക്കല്ല് ശാഖയിൽ ഒടുക്കുവരുത്തിയിരുന്നു. എന്നാൽ സ.ഉ(സാധാ) നമ്പർ 43/2021/ധന.തീ.1.01.2021 പ്രകാരം പഞ്ചായത്തിന്റെ 2020-21 വർഷത്തെ മൂന്നാം ഗഡു വികസന ഫണ്ടിൽ നിന്നും ഇഎംഎസ് ഭവനവായ്പ മുതൽ തിരിച്ചടവിനത്തിൽ 12,72,951 രൂപ കുറവുവരുത്തിയിട്ടുണ്ടായിരുന്നു. (ഇതുസംബന്ധിച്ച് മുൻവർഷ

ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതാണ്.). ഈ തുക ക്രമീകരിച്ചതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.23/29.10.2022) മറുപടിയിൽ കേരളബേങ്ക് ടി തുക ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യതായി രേഖാമൂലം അറിയിച്ചിട്ടുണ്ട്. ടി തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കുകയും വികസന ഫണ്ടിനത്തിൽ അർഹതപ്പെട്ട തുക ലഭ്യമാക്കുന്നതിനുവേണ്ട അടിയന്തരനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-19 ആട് ഗ്രാമം പദ്ധതി സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയത് - അപാകത.

| | |
|---|---|
| പ്രോജക്ട് നം. | S0034/22 |
| പ്രോജക്ടിന്റെ പേര് | ആട് ഗ്രാമം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 3,00,000/- വികസന ഫണ്ട് (ജനറൽ)<br>3,00,000/- ഗുണഭോക്തൃ വിഹിതം |
| ചെലവ് തുക | 3,00,000/-വികസന ഫണ്ട് (ജനറൽ)& 3,00,000/- ഗുണഭോക്തൃവിഹിതം |
| ബിൽ റഫറൻസ് നമ്പർ, തീയതി | 21200952006400605485 / 30.10.2021, Rs.2,20,000/-<br>21200952006400843311 / 27.12.2021, Rs.50,000/-<br>21200952006401186998 / 23.02.2022, Rs. 30,000/- |

